**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എടക്കര ഗ്രാമപഞ്ചായത്ത് - ഷോപ്പിംഗ് കോംപ്ലക്സ് കം ട്രേഡ് സെന്റർ നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 5,40,00,000/- (അഞ്ച് കോടി നാൽപ്പത് ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.2217/13/തസ്വഭവ    തിരുവനന്തപുരം, തീയതി: 02/09/2013.

==========================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) എടക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.09.2012-ലെ 2 (a) നമ്പർ തീരുമാനം.

3) എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.11.2012-ലെ ബി1/101/2012 നമ്പർ കത്ത്.

4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 24.08.2012-ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി/2012 നമ്പർ കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 27.02.2013-ലെ എഫ്3-5464/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എടക്കര ഗ്രാമപഞ്ചായത്ത് എടക്കര വില്ലേജിലെ റീസർവ്വേ 1074/1 നമ്പർ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് കം ട്രേഡ് സെന്റർ നിർമ്മാണത്തിനായി 5,40,00,000/- ( അഞ്ച് കോടി നാൽപ്പത് ലക്ഷം) രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം 3 (മൂന്ന്) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എടക്കര ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് കം ട്രേഡ് സെന്റർ ർമ്മാണത്തിനായി എടക്കര വില്ലേജിലെ റീസർവ്വേ നം. 1074/1-ൽ ഉൾപ്പെട്ട 65 സെന്റ് സ്ഥലവും നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സ് കം ട്രേഡ് സെന്റർ സമുച്ചയവും ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം 1 (ഒന്ന്) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ

നിന്നും 9.5% പലിശ നിരക്കിൽ 5,40,00,000/- ( അഞ്ച് കോടി നാൽപ്പത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം എടക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, എടക്കര ഗ്രാമപഞ്ചായത്ത്, മലപ്പുറം.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ